# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് ഇരുപത്തിമൂന്ന്

## ഏഴാമത്തെ മുദ്ര തുറന്നതിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യവും ഭൂമിയുടെയും, സമുദ്രത്തിന്റെയും, നദികളുടെയും, സൂര്യന്റെയും, ചന്ദ്രന്റെയും, നക്ഷത്രങ്ങളുടെയും മേലുള്ള ന്യായവിധിയും—ആദ്യത്തെ നാലു കാഹളങ്ങൾ

ഈ ദൂതിൽ നാം 8:1-12-ലേക്കു വരുന്നു. ഈ അധ്യായത്തിൽ നമുക്ക് ഏഴാം മുദ്ര തുറക്കുന്നതും (വാ. 1-2), ഏഴാം മുദ്ര തുറന്നതിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യവും (വാ. 3-5), ആദ്യത്തെ നാലു കാഹളങ്ങൾ ഊതുന്നതും കാണാം (വാ. 6-12).

### I. ഏഴാം മുദ്ര

ഏഴു കാഹളങ്ങളാണ് ഏഴാം മുദ്രയുടെ ഉള്ളടക്കം എന്നതിനാൽ മഹോപദ്രവത്തിനുമുമ്പു തുടങ്ങുന്ന ഏഴാം മുദ്രയിൽ ഏഴു കാഹളങ്ങൾ അടങ്ങിയിരിക്കുന്നു. ഈ പുസ്തകത്തിലെ പ്രവചനം നമുക്കു മനസ്സിലാകണമെങ്കിൽ, ദൈവത്തിന്റെ വ്യവസ്ഥയുടെ രഹസ്യം ഏഴു മുദ്രകളാൽ മുദ്രയിട്ടിരിക്കുന്നുവെന്ന് നാം ഗ്രഹിക്കണം. ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, അഞ്ചാം അധ്യായത്തിലെ ചുരുൾ തന്റെ വിലയേറിയ രക്തംകൊണ്ട് ക്രിസ്തു നടപ്പാക്കിയ പുതിയനിയമമാണ്. ഈ പുതിയനിയമമാണ് ചുരുളിന്റെ ഉള്ളടക്കമായ ഏഴു മുദ്രകളാൽ മുദ്രയിടപ്പെട്ട ദൈവവ്യവസ്ഥയുടെ ചുരുൾ. ആദ്യത്തെ നാലു മുദ്രകൾ അനുക്രമമല്ല, പിന്നെയോ സമകാലികവും, അഞ്ചും ആറും മുദ്രകൾ അനുക്രമവും ആണെന്ന് നാം കണ്ടു. ഏഴാം മുദ്രയിൽ ആറാം മുദ്രയ്ക്കുശേഷമുള്ളതു മുതൽ ഭാവികാല നിത്യതവരെയുള്ള സകലവും ഉൾപ്പെടുന്നു. അങ്ങനെ, ഏഴു കാഹളങ്ങൾ ഉൾക്കൊള്ളുന്ന ഏഴാം മുദ്ര സർവവും ഉൾക്കൊള്ളുന്നതാണ്. നാം കാണാൻപോകുന്നതുപോലെ, ഏഴു കലശങ്ങൾ ഏഴാം കാഹളത്തിന്റെ ഒരു ഭാഗമാണ്. ഏഴാം മുദ്രയിൽ ഏഴു കാഹളങ്ങളും, ഏഴാം കാഹളത്തിൽ ഭാഗികമായി

ഏഴു കലശങ്ങളും ഉൾപ്പെടുന്നു. ഏഴാമത്തെ മുദ്രയും ഏഴു കാഹളങ്ങളും നിത്യതവരെ നീളുന്നു. ഏഴാം കാഹളം ഈ യുഗത്തെ അവസാനിപ്പിക്കുകയും രാജ്യത്തെയും, പുതിയ ആകാശത്തെയും, പുതിയ ഭൂമിയെയും കൊണ്ടുവരികയും ചെയ്യും.

ഏഴു കാഹളങ്ങൾ ഏഴു മുദ്രകളെ അനുഗമിക്കുന്നുവെന്നും ഏഴു കലശങ്ങൾ ഏഴു കാഹളങ്ങളെ പിന്തുടരുന്നുവെന്നുമുള്ള ധാരണ ചിലർക്കുണ്ടായിരിക്കാം. ഈ ധാരണ സ്വാഭാവികമാണ്. വചനം മനസ്സിലാക്കുന്നതിൽ, നമ്മുടെ സ്വാഭാവിക ധാരണകളിൽ നമുക്ക് യാതൊരു ആശ്രയവും ഉണ്ടായിരിക്കരുത്. മറിച്ച്, നാം അവയെ ഉപേക്ഷിക്കുകയും, "കർത്താവേ, നിന്റെ വഴി ഞങ്ങളെ കാണിക്കേണമേ" എന്നു പറഞ്ഞുകൊണ്ട് കർത്താവിലേക്കു വരികയും ചെയ്യണം. 1933 മുതൽ വെളിപ്പാട് പുസ്തകത്തെക്കുറിച്ചുള്ള സഹോദരൻ നീയുടെ പഠനത്താൽ എനിക്ക് സഹായം ലഭിച്ചിട്ടുണ്ട്. എന്റെ ചിന്തയിൽ ആഴമായി ഉൾച്ചേർക്കപ്പെട്ട സ്വാഭാവിക ധാരണനിമിത്തം ഏഴു കാഹളങ്ങൾ ഏഴു മുദ്രകളുടെ തുടർച്ചയായിരുന്നുവെന്നും, ഏഴു കലശങ്ങൾ ഏഴു കാഹളങ്ങളെ അനുഗമിച്ചുവെന്നും ഞാൻ വിശ്വസിച്ചിരുന്നു. ഈ ധാരണ സ്ഥിരമായി എന്നെ ശല്യംചെയ്തു. ഒരു ദിവസം വെളിച്ചം വരികയും ഏഴാം മുദ്രയിൽ ഏഴു കാഹളങ്ങൾ ഉള്ളടങ്ങിയിരിക്കുന്നുവെന്നു ഞാൻ കാണുകയും ചെയ്യുന്നതുവരെ ഞാൻ പഠിച്ചുകൊണ്ടേയിരുന്നു. ഏഴു കാഹളങ്ങൾ ഏഴാം മുദ്രയ്ക്കു സമമാണ്. അവ വാസ്തവത്തിൽ ഏഴാം മുദ്രയാണ്. ആദ്യത്തെ നാലു മുദ്രകളുടെ ഉള്ളടക്കം നാലു കുതിരകളും, അഞ്ചാം മുദ്രയുടെ ഉള്ളടക്കം രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളിയും, ആറാം മുദ്രയുടെ ഉള്ളടക്കം രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളിക്കുള്ള ദൈവത്തിന്റെ ഉത്തരവും ഭൂമിയിൽ വസിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പും, ഏഴാം മുദ്രയുടെ ഉള്ളടക്കം ഏഴു കാഹളങ്ങളും ആണ്.

ആദ്യത്തെ നാലു മുദ്രകളെപോലെ, മനുഷ്യരുടെമേൽ നേരിട്ടുള്ള ന്യായവിധിയല്ലാത്ത, ആദ്യത്തെ നാലു കാഹളങ്ങൾ ഒരു കൂട്ടമാണ്. ഒന്നാമത്തെ കാഹളത്തിൽ, മിസ്രയീമിൽ സംഭവിച്ചതുപോലെ (പുറ. 9:18-25), വൃക്ഷങ്ങളോടും സകല പച്ചപ്പുല്ലിനോടുംകൂടെ ഭൂമിയിന്മേലുള്ള ഒരു ന്യായവിധിയും; രണ്ടാമത്തേതിൽ, സമുദ്രത്തിലെ ജീവികളോടും കപ്പലുകളോടുംകൂടെ സമുദ്രത്തിന്മേലുള്ള ഒരു ന്യായവിധിയും; മൂന്നാമത്തേതിൽ, മിസ്രയീമിൽ സംഭവിച്ചതുപോലെ (പുറ. 7:17-21), നദികളുടെയും വെള്ളത്തിന്റെ ഉറവുകളുടെയുംമേലുള്ള ഒരു ന്യായവിധിയും; നാലാമത്തേതിൽ, മിസ്രയീമിൽ സംഭവിച്ചതുപോലെതന്നെ (പുറ. 10:21-23), അവ ഇരുണ്ടുപോകേണ്ടതിന് സൂര്യന്റെയും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും മേലുള്ള ഒരു ന്യായവിധിയും

ഉള്ളടങ്ങുന്നു. ഈ നാലു കാഹളങ്ങളുടെ ന്യായവിധികളാൽ ഭൂമിയിലും, സമുദ്രത്തിലും, നദികളിലും, ആകാശത്തിലെ സൈന്യങ്ങളിലും മൂന്നിലൊന്ന് നശിച്ചുപോകുകയും, അങ്ങനെ അവ മനുഷ്യന്റെ ജീവിതത്തിന് ഗുണകരമല്ലാതിരിക്കുവാൻ ഇടയാകുകയും ചെയ്യുന്നു. ഏഴു കാഹളങ്ങൾക്കുമുമ്പ്, ആറാം മുദ്രയോടെ ഭൂമിയിന്മേലും, ആകാശത്തിലെ സൈന്യങ്ങളിന്മേലും ഒരു ന്യായവിധി നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ടാകും (6:12-14). ആ ന്യായവിധിയുടെ നാശത്തിന്റെ അളവ് ആദ്യത്തെ നാലു കാഹളങ്ങളുടെ നാശംപോലെ വ്യക്തമായിരിക്കയില്ല. അഞ്ചാം കാഹളത്തിൽ സാത്താനും എതിർക്രിസ്തുവും മനുഷ്യരെ ദണ്ഡിപ്പിക്കുവാൻ യോജിച്ചു പ്രവർത്തിക്കുന്നു; ആറാം കാഹളത്തിൽ ഇരുനൂറു ദശലക്ഷം കുതിരപ്പട മനഷ്യരുടെ മൂന്നാം ഭാഗത്തെ കൊല്ലുന്നതിനാൽ മനുഷ്യരുടെമേൽ തുടർന്നും ഒരു ന്യായവിധി ഉണ്ടായിരിക്കും; ഏഴാം കാഹളത്തിൽ അനേകം കാര്യങ്ങൾ—ക്രിസ്തുവിന്റെ നിത്യരാജ്യവും, ഏഴു കലശങ്ങളടങ്ങുന്ന മൂന്നാമത്തെ കഷ്ടവും, മരിച്ചവരുടെ ന്യായവിധിയും, പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ദൈവഭയമുള്ള ജനത്തിനും പ്രതിഫലം നല്കുന്നതും, ഭൂമിയെ നശിപ്പിക്കുന്നവരുടെ നാശവും— ഉണ്ടായിരിക്കും. ഏഴാം കാഹളത്തിൽ, ഏഴു കലശങ്ങൾ മുഖാന്തരം ഭൂമിയുടെയും, സമുദ്രത്തിന്റെയും, നദികളുടെയും, സൂര്യന്റെയുംമേൽ തുടർന്നും ന്യായവിധി ഉണ്ടായിരിക്കും (16:1-21). ഇവ ഭൂമിയുടെയും ആകാശത്തിന്റെയുംമേൽ ദൈവത്തിന്റെ ഏറ്റവും കടുത്ത ന്യായവിധികളായിരിക്കും.

ഏഴു മുദ്രകളും, ഏഴു കാഹളങ്ങളും, ഏഴു കലശങ്ങളും അനുക്രമമാണെന്ന ധാരണ നാം ഉപേക്ഷിക്കണം. ആവർത്തിച്ചു പറയട്ടെ, ഏഴു കാഹളങ്ങൾ ഏഴാം മുദ്രയുടെ ഉള്ളടക്കവും, ഏഴു കലശങ്ങൾ ഏഴാം കാഹളത്തിന്റെ ഒരു ഭാഗവും ആണ്. ഇതാണ് ഈ പുസ്തകത്തിലെ പ്രവചനത്തെ മനസ്സിലാക്കാനുള്ള താക്കോൽ. ഇങ്ങനെയുള്ള ആശ്ചര്യകരമായ ഒരു രീതിയിൽ രചിക്കുവാനുള്ള ജ്ഞാനം ദൈവത്തിനുമാത്രമേ ഉള്ളൂ എന്നതുകൊണ്ട്, വെളിപ്പാട് പുസ്തകം എഴുതുവാൻ ദൈവത്തിനു മാത്രമേ കഴിയുമായിരുന്നുള്ളൂ. കഴിഞ്ഞ ഇരുപത് നൂറ്റാണ്ടുകളുടെ ചരിത്രം പൂർണ്ണമായി ഉൾക്കൊള്ളുന്ന നാലു കുതിരകളുടേതുപോലെയുള്ള അടയാളങ്ങളോടും ചിഹ്നങ്ങളോടുംകൂടെ ഒരു പുസ്തകം എഴുതുവാൻ മറ്റാർക്കാണ് ജ്ഞാനമുള്ളത്? ഏഴു മുദ്രകളും, ഏഴു കാഹളങ്ങളും, ഏഴു കലശങ്ങളും അനുക്രമമല്ല എന്നതു വെളിപ്പെടുത്തുന്നത് ഈ പുസ്തകം എഴുതുന്നതിലുള്ള ദൈവത്തിന്റെ ജ്ഞാനത്തെയാണ്. ഈ ക്രമീകരണം കാണുവാനുള്ള വെളിച്ചം നമുക്കില്ലെങ്കിൽ, വെളിപ്പാട് പുസ്തകം ആവർത്തിച്ചു വായിച്ചാലും, നാം അപ്പോഴും ആശയക്കുഴപ്പത്തിലായിരിക്കും.

## II. ഏഴാമത്തെ മുദ്ര തുറന്നതിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യം

അഞ്ചാം മുദ്രയിലുള്ള വിശുദ്ധന്മാരുടെ പ്രാർഥനയുടെ ഉത്തരമായി 8:1-2-ലെ ഏഴു കാഹളങ്ങൾ കൊണ്ടുവരപ്പെടുന്നതായി നാം കാണുന്നു. മുദ്രകൾ രഹസ്യമായി തുറക്കുന്നു, എന്നാൽ കാഹളങ്ങൾ പരസ്യമായി ഊതുന്നു.

### A. സ്വർഗത്തിൽ അര മണിക്കൂറോളം മൗനത

കുഞ്ഞാട് "ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ, സ്വർഗത്തിൽ ഏകദേശം അര മണിക്കൂറോളം നിശ്ശബ്ദത ഉണ്ടായി" (വാ. 1). ഈ നിശ്ശബ്ദത ഗാംഭീര്യത്തെ ചൂണ്ടിക്കാണിക്കുന്നു. ഏഴാം മുദ്ര തുറക്കുമ്പോൾ, യുഗം മാറുവാൻ പോകുന്നതുകൊണ്ട്, മുഴുവൻ സ്വർഗവും നിശബ്ദമായിത്തീർന്നു. ഏഴാം മുദ്ര തുറക്കുന്നതിനു മുമ്പുള്ള കാലം ദൈവത്തിന്റെ സഹിഷ്ണുതയുടെ യുഗമായിരുന്നു. അവന്റെ നിത്യപദ്ധതി നിറവേറ്റുവാനായി സഭയെ ഉളവാക്കേണ്ടതിന് സുവിശേഷം പ്രസംഗിക്കുക എന്ന അവന്റെ ഉദ്ദേശ്യത്തിനുവേണ്ടി, ഭൂമിയിലുള്ള പാപകരമായ സാഹചര്യത്തെ ദൈവം സഹിക്കുകയായിരുന്നു. എന്നാൽ ഏഴാം മുദ്രയുടെ തുറക്കലോടുകൂടി സഹിഷ്ണുതയുടെ യുഗം അവസാനിപ്പിക്കുകയും, മറ്റൊരു യുഗം കൊണ്ടുവരപ്പെടുകയും ചെയ്യുന്നു. ഇത് ദൈവക്രോധത്തിന്റെ യുഗമാണ്. ദൈവം ഇപ്പോൾ മത്സരത്തിലും പാപകരമായ സാഹചര്യത്തിലുമുള്ള ഭൂമിയോട് ഇടപെടുവാൻ വരുന്നു. ഈ സന്ദർഭം വളരെ ഗാംഭീര്യമുള്ളതായതുകൊണ്ട്, ഗൗരവകരമായ ഒന്ന് സംഭവിക്കുവാൻപോകുന്നു എന്ന സൂചന നല്കിക്കൊണ്ട്, സ്വർഗം നിശബ്ദമായിത്തീരുന്നു.

### B. മഹാപുരോഹിതനായി ക്രിസ്തു സ്വർഗത്തിൽ ശുശ്രൂഷിക്കുന്നു

#### *1. "മറ്റൊരു ദൂതനായി"*

ഗാംഭീര്യമുള്ള ഈ ദൃശ്യത്തിന്റെ മധ്യേ മറ്റൊരു ദൂതൻ പ്രത്യക്ഷനാകുന്നു (വാ. 3). ഈ ദൂതൻ ക്രിസ്തു ആണ്. സഭകളുടെ മധ്യേ നടക്കുന്നവനായി ക്രിസ്തുവിനെ വെളിപ്പെടുത്തിയപ്പോൾ അവനെ മനുഷ്യപുത്രനായി വെളിപ്പെടുത്തുകയും, അവൻ സഭകളോടു സംസാരിച്ചപ്പോൾ അവൻ തന്റെ യോഗ്യതകളെയെല്ലാം പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഭൂമിയുടെമേലുള്ള ദൈവത്തിന്റെ ന്യായവിധിയുടെ ഭരണനിർവഹണത്തിൽ, ക്രിസ്തു ദൈവത്താൽ അയയ്ക്കപ്പെട്ട ഒരുവന്റെ സ്ഥാനത്തു നിൽക്കുന്ന ദൂതനാണ്. വളരെ അനുലോമപരമായ അർഥത്തിൽ,

ക്രിസ്തു എല്ലാമാണ്; ദൈവത്തിന്റെ വ്യവസ്ഥയ്ക്ക് ആവശ്യമായിരിക്കുന്നതെന്തും അവനാണ്. ക്രിസ്തു സാമാന്യമോ പൊതുവോ ആയ ഒരു ദൂതനല്ല, മറിച്ച് ഒരു പ്രത്യേക ദൂതനാണെന്നു സൂചിപ്പിച്ചുകൊണ്ട്, വെളിപ്പാട് പുസ്തകം ക്രിസ്തുവിനെ വിശേഷമായി "മറ്റൊരു ദൂതൻ" എന്നു വിവരിക്കുന്നു. ഇരുപത്തൊന്നാമത്തെ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, പഴയനിയമത്തിൽ ക്രിസ്തു ദൈവംതന്നെയായ "യഹോവയുടെ ദൂതൻ" എന്നു വിളിക്കപ്പെട്ടിരുന്നു (ഉല്പ. 22:11-12; പുറ. 3:2-6; ന്യായാ. 6:11-24; സെഖ. 1:11-12; 2:8-11; 3:1-7). ഉല്പത്തി 22-ൽ യഹോവയുടെ ദൂതൻ അബ്രാഹാമിനോടു സംസാരിക്കുകയും, പുറപ്പാട് 3-ൽ യഹോവയുടെ ദൂതൻ മോശെയ്ക്ക് പ്രത്യക്ഷനാകുകയും ചെയ്തു. ക്രിസ്തു മറ്റൊരു ദൂതനാണ്; അവൻ നിസ്തുലനായ, വിശേഷ ദൂതനാണ്.

## *2. വിശുദ്ധന്മാരുടെ പ്രാർഥനകൾ ദൈവത്തിന് അർപ്പിക്കുന്നു*

വാക്യം 3 പറയുന്നു, "മറ്റൊരു ദൂതൻ സ്വർണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികിൽ നിന്നു; സിംഹാസനത്തിനു മുമ്പാകെയുള്ള സ്വർണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർഥനകളോടുകൂടെ അർപ്പിക്കേണ്ടതിന് വളരെ ധൂപവർഗവും അവനു കൊടുത്തു." ഈ വാക്യത്തിലെ ആദ്യത്തെ യാഗപീഠം ദഹനയാഗപീഠത്തെയും (പ്ര.നി. പുറ. 27:1-8), സിംഹാസനത്തിനു മുമ്പിലുള്ള സ്വർണപീഠം ധൂപപീഠത്തെയും (പ്ര.നി. പുറ. 30:1-9) പരാമർശിക്കുന്നു. സ്വർണധൂപകലശം വിശുദ്ധന്മാരുടെ പ്രാർഥനയെ സൂചിപ്പിക്കുന്നു, അത് മറ്റൊരു ദൂതനായ ക്രിസ്തു ദൈവത്തിന്റെ അടുക്കൽ കൊണ്ടുവരുന്നു. സ്വർണപീഠത്തിന്മേൽ അർപ്പിക്കുന്ന വിശുദ്ധന്മാരുടെ പ്രാർഥനകൾ ദൈവത്തിന് സ്വീകാര്യമാകേണ്ടതിന് വിശുദ്ധന്മാരുടെ പ്രാർഥനകളിലേക്ക് ചേർക്കുവാനുള്ള അവന്റെ എല്ലാ യോഗ്യതയോടുംകൂടെയുള്ള ക്രിസ്തുവിനെ ധൂപവർഗം സൂചിപ്പിക്കുന്നു. ഏഴാം മുദ്ര തുറക്കുമ്പോൾ അപ്പോഴും "വിശുദ്ധന്മാർ" ഭൂമിയിൽ പ്രാർഥിക്കുകയായിരിക്കും.

ഏഴാം മുദ്ര തുറന്നതിനുശേഷമുള്ള സ്വർഗത്തിലെ ഈ ദൃശ്യത്തിൽ, തന്റെ വിശുദ്ധന്മാരുടെ പ്രാർഥനകളുമായി മഹാപുരോഹിതനെന്ന നിലയിൽ ദൈവത്തിനു ശുശ്രൂഷിക്കുന്ന രീതിയിൽ ഭൂമിയുടെമേൽ ദൈവത്തിന്റെ ഭരണനിർവഹണം നടപ്പാക്കുവാൻ മറ്റൊരു ദൂതനായി ക്രിസ്തു പ്രത്യക്ഷനാകുന്നു. തന്റെ വിശുദ്ധന്മാരുടെ പ്രാർഥനകൾ അവൻ ദൈവത്തിന് അർപ്പിക്കുമ്പോൾ, തന്റെ ധൂപവർഗം അവൻ അവയിലേക്ക് ചേർക്കുന്നു. "ധൂപവർഗത്തിന്റെ പുക വിശുദ്ധന്മാരുടെ

പ്രാർഥനകളോടുകൂടെ ദൂതന്റെ കൈയിൽനിന്ന് ദൈവമുമ്പാകെ കയറിപ്പോയി" എന്ന് വാക്യം 4 പറയുന്നു. വിശുദ്ധന്മാരുടെ പ്രാർഥനകളോടുകൂടെ ദൈവത്തിന് ധൂപവർഗം കത്തിച്ചുവെന്ന് "ധൂപവർഗത്തിന്റെ പുക" ചൂണ്ടിക്കാണിക്കുന്നു. പ്രാർഥനകളോടു ചേർക്കപ്പെട്ട ധൂപവർഗത്താൽ വിശുദ്ധന്മാരുടെ പ്രാർഥനകൾ ഫലപ്രദവും ദൈവത്തിന് സ്വീകാര്യവുമായിത്തീരുന്നുവെന്ന് ഇതു അർഥമാക്കുന്നു.

### *3. ഭൂമിയുടെമേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുന്നതിന് ഭൂമിയിലേക്ക് തീ എറിയുന്നു*

"ദൂതൻ ധൂപകലശം എടുത്ത് യാഗപീഠത്തിന്റെ തീകൊണ്ട് അതിനെ നിറച്ച് ഭൂമിയിലേക്ക് എറിഞ്ഞു; ഇടിമുഴക്കവും നാദവും മിന്നലും ഒരു ഭൂകമ്പവും ഉണ്ടായി" എന്ന് വാക്യം 5 പറയുന്നു. ഇത് വിശുദ്ധന്മാരുടെ പ്രാർഥനയ്ക്കുള്ള, പ്രത്യേകിച്ചും 6:9-11-ൽ പരാമർശിച്ചിരിക്കുന്ന അഞ്ചാം മുദ്രയിലെ പ്രാർഥനയ്ക്കും ലൂക്കൊസ് 18:7-8-ലെ പ്രാർഥനയ്ക്കുമുള്ള ഉത്തരത്തെ വിവക്ഷിക്കുന്നു. ഈ അധ്യായത്തിലെ വിശുദ്ധന്മാരുടെ പ്രാർഥന ദൈവത്തിന്റെ വ്യവസ്ഥയെ എതിർക്കുന്ന ഭൂമിയുടെ ന്യായവിധിക്കു വേണ്ടിയായിരിക്കണം. വിശുദ്ധന്മാരുടെ പ്രാർഥനകൾക്കുള്ള ഉത്തരം തുടർന്നുള്ള ഏഴു കാഹളങ്ങളാൽ ഭൂമിയുടെമേലുള്ള ദൈവത്തിന്റെ ന്യായവിധിയുടെ നടപ്പാക്കലാണ്. ഭൂമിയിലേക്ക് തീ എറിയുന്നത് ഭൂമിയുടെമേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുവാനാണ്. അതുകൊണ്ട്, ഇടിമുഴക്കവും, നാദവും, മിന്നലും, ഭൂകമ്പവും ദൈവത്തിന്റെ ന്യായവിധിയുടെ അടയാളമായി വരുന്നു.

ഭൂമിയുടെമേലുള്ള ദൈവത്തിന്റെ ന്യായവിധി ധൂപവർഗമായ ക്രിസ്തുവിനോടുകൂടെയുള്ള വിശുദ്ധന്മാരുടെ പ്രാർഥനകൾക്കുള്ള ഉത്തരമാണ്. ആറാം മുദ്ര തുറക്കുകയും ഏഴു കാഹളങ്ങൾ ഊതുവാനായി ഒരുങ്ങിയിരിക്കുകയും ചെയ്യുന്നുവെങ്കിലും, വിശുദ്ധന്മാരുടെ പ്രാർഥനകളോടുകൂടെ അവനെത്തന്നെ ധൂപവർഗമായി ദൈവത്തിന് അർപ്പിക്കുവാൻ വരുന്നതുവരെ യാതൊന്നും സംഭവിക്കുന്നില്ല. ആ സമയം ഇടിമുഴക്കവും, നാദവും, മിന്നലും, ഭൂകമ്പവും ഉണ്ട്. ഭൂമിയുടെമേലുള്ള തന്റെ ന്യായവിധി നടപ്പാക്കുന്നതിനുള്ള ഉദ്ദേശം ദൈവത്തിന് ഉണ്ടായിരിക്കുമ്പോൾത്തന്നെ വിശുദ്ധന്മാരുടെ പ്രാർഥനകളോടുകൂടെ അവർ അവനോട് സഹകരിക്കേണ്ട ആവശ്യം അപ്പോഴും ഉണ്ട് എന്ന് ഇതു സൂചിപ്പിക്കുന്നു. ദൈവം തന്റെ ന്യായവിധി നടപ്പാക്കേണ്ടതിന് വിശുദ്ധന്മാർ പ്രാർഥിക്കുന്നത് ദൈവത്തിന് ആവശ്യമാണ്. നിങ്ങൾ ലൂക്കൊസ് 18 വായിച്ചാൽ, സാഹചര്യത്തോട് ഇടപെടുവാനും അവനെത്തന്നെ സമർഥിക്കുവാനുമായി ഒരു പ്രത്യേക സമയത്ത്

ഭൂമിയിലുള്ള വിശുദ്ധന്മാർ ദൈവത്തോട് നിലവിളിക്കുമെന്ന് കർത്താവായ യേശു പറയുന്നുവെന്ന് നിങ്ങൾ കാണും. ഈ യുഗത്തിന്റെ അന്ത്യത്തിൽ, തങ്ങൾ ദൈവമാണെന്ന് മുഴുവൻ പ്രപഞ്ചത്തോടും ജനം പ്രഖ്യാപിക്കുകപോലും ചെയ്യുകൊണ്ട് ദൈവത്തിനെതിരായി അത്രത്തോളം മത്സരികളായിരിക്കും. ദൈവം ഇതു സഹിച്ചുകൊണ്ടിരിക്കുമ്പോഴും, വിശ്വസ്തരായ വിശുദ്ധന്മാരിൽ ചിലർ ഇതു സഹിക്കാതെ "ഓ, പരമാധികാരിയായ കർത്താവേ, എത്രത്തോളം നീ ഇതു സഹിക്കും? നീ എന്നേക്കും ഈ മത്സരം സഹിക്കുമോ? നിന്നെത്തന്നെ സമർഥിക്കുവാനും ഞങ്ങൾക്കുവേണ്ടി പ്രതികാരംചെയ്യുവാനും നീ വരുന്നതിന് എത്ര കാലം വേണം? നീയാണ് കർത്താവെന്ന് സർവഭൂമിയും അറിയുവാൻ എത്ര കാലം വേണം?" എന്നു അവർ പ്രാർഥിക്കും. ഒടുവിൽ, ഇത്തരത്തിലുള്ള പ്രാർഥനയുടെ ആവശ്യം ഉണ്ടായിരിക്കും. ഇതുപോലെ പ്രാർഥിക്കുവാൻ നാം എല്ലാവരും ഞെരുക്കപ്പെടുന്ന സമയം വരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ ഇത്തരത്തിലുള്ള സമ്മർദ്ദത്തിൻകീഴിൽ അല്ലാത്തതുകൊണ്ട്, ഈ രീതിയിൽ പ്രാർഥിക്കുവാൻ നിങ്ങളോട് ആജ്ഞാപിക്കുവാൻ എനിക്കു കഴിയുകയില്ല. എന്നാൽ ഒരു ദിവസം സമ്മർദ്ദം നമ്മുടെമേൽ ഉണ്ടായിരിക്കുകയും, ഈ രീതിയിൽ പ്രാർഥിക്കുവാൻ നമുക്ക് ഭാരം ഉണ്ടായിരിക്കുകയും ചെയ്യും. നമ്മുടെ ആത്മാവ് ഈ സാഹചര്യത്തെ ഇനിയും സഹിക്കുകയില്ല എന്നതുകൊണ്ട് അവസാനം അടുത്തിരിക്കുന്നു എന്ന് ഇതു സൂചിപ്പിക്കും. അപ്പോൾ അവനെത്തന്നെ സമർഥിക്കുവാനും അവൻ ദൈവമാണെന്ന് സകല മത്സരികളും അറിയുവാനും നാം കർത്താവിനോടു പ്രാർഥിക്കും. നാം ഇതുപോലെ പ്രാർഥിക്കുമ്പോൾ, ധൂപവർഗമായി അവനെത്തന്നെ ചേർത്തുകൊണ്ട്, ദൈവത്താൽ അയയ്ക്കപ്പെട്ട ദൂതൻ നമ്മുടെ പ്രാർഥനയോടുകൂടെ ദൈവത്തിനു ശുശ്രൂഷിക്കും. ദൈവം നിശ്ചയമായും ഈ പ്രാർത്ഥനയ്ക്ക് ഉത്തരംനല്കുകയും, അവിടെ ഇടിമുഴക്കവും, നാദവും, മിന്നലും, ഭൂകമ്പവും ഉണ്ടായിരിക്കുകയും ചെയ്യും. അത് മത്സരിയായ ഈ ഭൂമിയുടെമേലുള്ള ദൈവത്തിന്റെ ന്യായവിധിയുടെ തുടക്കം മാത്രമായിരിക്കും. ഇത് ഏഴാം മുദ്ര തുറക്കുന്ന സമയത്ത് മറ്റൊരു ദൂതനായ ക്രിസ്തു, അവന്റെ ധൂപവർഗവുമായി കലർത്തിയ നമ്മുടെ പ്രാർഥനകളെ ദൈവത്തിനു കൊണ്ടുവരാൻ നമ്മുടെ മഹാപുരോഹിതനായി ശുശ്രൂഷിക്കുകയും, ഭൂമിയുടെമേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുവാൻ അയയ്ക്കപ്പെട്ടവനായിരിക്കുകയും ചെയ്യുമ്പോൾ സംഭവിക്കും.

വാക്യം 6 പറയുന്നു, "ഏഴു കാഹളങ്ങൾ ഉള്ള ഏഴു ദൂതന്മാർ കാഹളം ഊതുവാൻ തങ്ങളെത്തന്നെ ഒരുക്കി." ഏഴു ദൂതന്മാർക്ക് ഏഴു കാഹളങ്ങൾ നല്കപ്പെട്ടു (വാ. 2). എന്നാൽ 3 മുതൽ 5

വരെയുള്ള വാക്യങ്ങളിലെ വിശുദ്ധന്മാരുടെ പ്രാർഥനകൾക്ക് ഉത്തരം നല്കിയതിനുശേഷമാണ് ഏഴു ദൂതന്മാർ കാഹളം ഊതുവാൻ ഒരുങ്ങിനിന്നത്. ദൈവത്തിന്റെ സ്വർഗത്തിലെ ഹിതം ഭൂമിയിൽ നിർവഹിക്കുന്നതിന് വിശുദ്ധന്മാരുടെ പ്രാർഥന ആവശ്യമാണ്. വിശുദ്ധന്മാരുടെ പ്രാർഥനകളെ ക്രിസ്തു ദൈവത്തിന് അർപ്പിക്കുന്നത് ഏഴു കാഹളങ്ങളെ കൊണ്ടുവരുന്നു.

Mon

## III. ഒന്നാമത്തെ കാഹളം—ഭൂമിയുടെമേലുള്ള ന്യായവിധി

വാക്യം 7 പറയുന്നു, ഒന്നാമത്തവൻ കാഹളം ഊതി, രക്തം കലർന്ന കൽമഴയും തീയും ഉണ്ടായി, അതിനെ ഭൂമിയിലേക്ക് എറിഞ്ഞു; ഭൂമിയുടെ മൂന്നാം ഭാഗവും, വൃക്ഷങ്ങളുടെ മൂന്നാം ഭാഗവും, എല്ലാ പച്ചപ്പുല്ലും വെന്തുപോയി." ദൂതന്മാർ കാഹളം ഊതുവാൻ തുടങ്ങുമ്പോൾ, പ്രപഞ്ചത്തിലുള്ള സർവ്വവും കീഴ്മേൽ മറിയും. ഒന്നാം കാഹളം "ഭൂമിയുടെ മൂന്നാം ഭാഗത്തെ" നശിപ്പിക്കും. ഈ വാക്യം "മൂന്നിലൊന്ന്" എന്നല്ല, "മൂന്നാം ഭാഗം" എന്നാണു പറയുന്നത് എന്നതു ശ്രദ്ധിക്കുക. ഭൂമിയുടെ ഒരു പ്രത്യേക ഭാഗമായ "മൂന്നാം ഭാഗത്തെ" നശിപ്പിക്കുമെന്ന് ഇത് അർഥമാക്കുന്നു. സർവഭൂമിയും പാപംനിറഞ്ഞതാണെങ്കിലും, ഭൂമിയുടെ ചില ഭാഗങ്ങൾ പ്രത്യേകമായി നരകതുല്യവും, പൈശാചികവും, സാത്താന്യവും, ദുഷിച്ചതും ആണ്. ഭൂമിയുടെ മൂന്നാം ഭാഗത്തിൽ ഐക്യനാടുകൾ ഉൾപ്പെടും എന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഐക്യനാടുകൾ പാപംനിറഞ്ഞതാണ്, എന്നാൽ ഭൂമിയുടെ മറ്റു സ്ഥലങ്ങളെപ്പോലെ അത് പൈശാചികമായ വിധത്തിൽ പാപംനിറഞ്ഞതല്ല. വളരെയേറെ പാപംനിറഞ്ഞ ഭൂമിയുടെ ആ മേഖലകളായിരിക്കും "മൂന്നാം ഭാഗം." അവരുടെ മേഖല ദൈവത്തിന്റെ ന്യായവിധിയാൽ പൂർണ്ണമായി നശിക്കുന്ന മേഖലയായ ഭൂമിയുടെ "മൂന്നാം ഭാഗം" ആയിത്തീരത്തക്കവണ്ണം ദൈവത്തിനെതിരായി അത്രയും ദുഷ്ടരാകാതിരിക്കുന്നതിന്, അനേകം ആളുകൾ ഈ വാക്കു കേൾക്കുകയും ഇതിനാൽ മുന്നറിയിപ്പ് ലഭിച്ചവരായിരിക്കുകയും വേണം. വെളിപ്പാട് 9 അനുസരിച്ച്, മത്സരിയായ ലോകം മാനസാന്തരപ്പെടുന്നതിനുള്ള മുന്നറിയിപ്പ് നല്കുവാൻ "മൂന്നാം ഭാഗത്തിന്മേലുള്ള" ദൈവത്തിന്റെ ന്യായവിധിയെ ഉപയോഗിക്കും.

## IV. രണ്ടാമത്തെ കാഹളം—സമുദ്രത്തിന്മേലുള്ള ന്യായവിധി

വാക്യം 8-ലും 9-ലും നാം രണ്ടാം കാഹളം കാണുന്നു: "രണ്ടാമത്തെ ദൂതൻ കാഹളം ഊതി, തീ കത്തുന്ന വൻമലപോലെ ഒന്ന് സമുദ്രത്തിലേക്ക് എറിഞ്ഞു; സമുദ്രത്തിന്റെ മൂന്നാം ഭാഗം രക്തമായിത്തീരുകയും, സമുദ്രത്തിൽ ജീവനുള്ള ജന്തുക്കളിൽ മൂന്നാം ഭാഗം ചത്തുപോകുകയും, കപ്പലുകളിൽ മൂന്നാം ഭാഗം

നശിപ്പിക്കുകയും ചെയ്യു." രണ്ടാം കാഹളം "സമുദ്രത്തിന്റെ മൂന്നാം ഭാഗത്തെ" നശിപ്പിക്കുമെന്നു നാം കാണുന്നു. ശക്തരായ ചില രാഷ്ട്രങ്ങൾ തങ്ങളുടെ സമുദ്രമേഖലയെ വികസിപ്പിക്കേണ്ടതിന് അവരുടെ നാവികപ്പടയെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ചെയ്യുന്നതിലുള്ള അവരുടെ ലക്ഷ്യം ദൈവത്തിനെതിരായി ദുഷ്ടത പ്രവർത്തിക്കുക എന്നതാണ്. ഒന്നാം കാഹളത്തിലെ ഭൂമിയുടെമേലുള്ള ന്യായവിധിയുടെ അതേ തത്ത്വത്തിൽ, ദൈവം സമുദ്രത്തിന്റെ മൂന്നാം ഭാഗത്തെ ന്യായംവിധിക്കും. കപ്പലുകളുടെ മൂന്നാം ഭാഗത്തിന്റെ നാശത്തെക്കുറിച്ച് വാക്യം 9 എടുത്തുപറയുന്നു. ദൈവത്തിനെതിരായുള്ള ദുഷ്ടതയാൽ മലിനപ്പെട്ട സമുദ്രത്തിന്റെ ആ ഭാഗം ദൈവത്തിന്റെ ന്യായവിധിയാൽ നശിപ്പിക്കപ്പെടും.

## V. മൂന്നാമത്തെ കാഹളം—നദികളുടെമേലും, നീരുറവുകളിന്മേലുമുള്ള ന്യായവിധി

വാക്യം 10-ഉം 11-ഉം മൂന്നാമത്തെ കാഹളത്തെ വിവരിക്കുന്നു: "മൂന്നാമത്തെ ദൂതൻ ഊതി: അപ്പോൾ ദീപംപോലെ ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തുനിന്നു വീണു; നദികളിൽ മൂന്നാമത്തെ ഭാഗത്തിന്മേലും, നീരുറവുകളിന്മേലും ആയിരുന്നു വീണത്. ആ നക്ഷത്രത്തിന് കാഞ്ഞിരം എന്നു പേർ; വെള്ളത്തിന്റെ മൂന്നാമത്തെ ഭാഗം കാഞ്ഞിരമായിത്തീർന്നു; വെള്ളം കൈപ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി." നദികളുടെ മൂന്നാമത്തെ ഭാഗവും നീരുറവുകളും നശിപ്പിക്കപ്പെടുമെന്ന് പിന്നെയും നാം കാണുന്നു. മനുഷ്യജീവന് വെള്ളം അത്യന്താപേക്ഷിതമാണ്. ദൈവത്തെ എതിർക്കുന്നവരും അവനെതിരായി ദുഷ്ടത പ്രവർത്തിക്കുന്നവരും ഇപ്പോഴും ദൈവത്തിന്റെ സൃഷ്ടിയെ ആസ്വദിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പിലെ വെള്ളത്തിൽ അവർ പങ്കുപറ്റുന്നുവെങ്കിലും അവർ തുടർന്നും ദൈവത്തെ എതിർക്കുന്നു. "കാഞ്ഞിരം ആകാശത്തുനിന്നും നിങ്ങളുടെ വെള്ളത്തിലേക്കു വീഴുവാൻ ഞാൻ ഇടയാക്കുകയും അതു കൈപ്പായിത്തീരുകയും ചെയ്യും" എന്ന് ഒരു ദിവസം ദൈവം പറയും എന്നു തോന്നുന്നു. ഇവിടെ ദൈവത്തിന്റെ ന്യായവിധിക്ക് ഇപ്പോഴും ഒരു പരിമിതി ഉണ്ട്, കാരണം അത് നദികളുടെ മൂന്നാമത്തെ ഭാഗത്തിനും ഉറവുകളിലും പരിമിതപ്പെടുത്തിയിരിക്കുന്നു.

## VI. നാലാമത്തെ കാഹളം— സ്വർഗീയസൈന്യങ്ങളുടെമേലുള്ള ന്യായവിധി

വാക്യം 12-ൽ സ്വർഗീയസൈന്യങ്ങളുടെമേലുള്ള ന്യായവിധിയായ നാലാമത്തെ കാഹളത്തെക്കുറിച്ചു നാം വായിക്കുന്നു: "നാലാമത്തെ ദൂതൻ കാഹളം ഊതി, സൂര്യന്റെ

മൂന്നാം ഭാഗവും ചന്ദ്രന്റെ മൂന്നാം ഭാഗവും നക്ഷത്രങ്ങളുടെ മൂന്നാം ഭാഗവും അടിക്കപ്പെട്ടു, അങ്ങനെ അവയുടെ മൂന്നാം ഭാഗം ഇരുണ്ടുപോയി, പകലിന്റെ മൂന്നാം ഭാഗം പ്രകാശിച്ചില്ല, അങ്ങനെതന്നെ രാത്രിയും." ഭൂമിയുടെയും, സമുദ്രത്തിന്റെയും, നദികളുടെയും ന്യായവിധിക്കുശേഷം ദൈവത്തിന്റെ ന്യായവിധി സൂര്യന്റെയും, ചന്ദ്രന്റെയും, നക്ഷത്രങ്ങളുടെയും മൂന്നാം ഭാഗത്തെ നശിപ്പിച്ചുകൊണ്ട് സ്വർഗീയസൈന്യങ്ങളുടെ മൂന്നാം ഭാഗത്തെ പ്രഹരിക്കും. നശിപ്പിക്കപ്പെടാനുള്ള സൂര്യന്റെ ഭാഗം ദുഷ്ടരാഷ്ട്ര ങ്ങളുടെമേൽ പ്രകാശിക്കുന്ന ആ ഭാഗമായിരിക്കും. ദൈവം ആ ഭാഗത്തെ അറിയുന്നു, അത് ഇരുണ്ടുപോകും.